**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1** **08-08-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ഓൺ ലൈൻ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഏതൊക്കെ വകുപ്പുകളിലാണ് സർക്കാർ ജീവനക്കാർക്ക് ഓൺ ലൈൻ സ്ഥലം മാറ്റം നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, ലാൻഡ് റവന്യൂ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, രജിസ്ട്രേഷൻ, കാർഷിക വികസന കർഷകക്ഷേമം, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണം, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഫയർ & റെസ്ക്യൂ സർവ്വീസസ്, ഫാക്ടറീസ് & ബോയിലേഴ്സ്, മോട്ടോർ വാഹനം, സാങ്കേതിക വിദ്യാഭ്യാസം, എൻ.സി.സി ഡയറക്ടറുടെ കാര്യാലയം, ഭൂവിനിയോഗ ബോർഡ്, സാമ്പത്തിക സ്ഥിതി വിവരക്കണക്ക്, ഭാരതീയ ചികിത്സാ, ഹോമിയോപ്പതി, ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്, ഇൻഷുറൻസ്, ഭൂജലവകുപ്പ്, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് (അദ്ധ്യാപകരുടേത് ഒഴികെ), സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയം(പാക്കർ തസ്തിക ഒഴികെ),അച്ചടി വകുപ്പ്, ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം, വ്യവസായ പരിശീലന വകുപ്പ്, ലേബർ കമ്മീഷണറുടെ കാര്യാലയം, പൊതുമരാമത്ത് വകുപ്പ്, വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം, വാട്ടർ അതോറിറ്റി എന്നീ വകുപ്പ്/സ്ഥാപനങ്ങളിലാണ് ഇതിനകം ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | എല്ലാ വകുപ്പുകളിലും ഓൺ ലൈൻ സ്ഥലം മാറ്റം നടപ്പിലാക്കാത്തതിനുള്ള കാരണം എന്താണെന്ന് | (ബി) | എൻ.ഐ.സി മുഖേന സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനും സ്പാർക്കിൽ ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | വിവരങ്ങൾ പൂർണ്ണമായും അപ്ഡേറ്റ് ചെയ്യുന്നതിനുമുള്ള കാലതാമസം കാരണമാണ് ഓൺലൈൻ സ്ഥലംമാറ്റം എല്ലാ വകുപ്പിലും നടപ്പാക്കാൻ കഴിയാത്തത്. ഇതിനുള്ള നടപടികൾ സത്വരമായി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ